# കേരള സർവകലാശാല

നം. പി.ആർ.145/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## സ്വകാര്യ എയ്ഡഡ് കോളേജ് അധ്യാപക നിയമന അംഗീകാരം – ഒരു വിശദീകരണം

കേരള സർവകലാശാലയിലെ സ്വകാര്യ എയ്ഡഡ് കോളേജുകളിൽ അടുത്ത കാലത്ത് നടന്ന അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം വൈകുന്നത് സംബന്ധിച്ച് ചില കേന്ദ്രങ്ങൾ നടത്തുന്ന പ്രചാരണം അടിസ്ഥാനരഹിതമാണ്. വൈസ് ചാൻസലർക്കോ മറ്റുദ്യോഗസ്ഥർക്കോ നിയമന അംഗീകാരം വൈകുന്നതിൽ യാതൊരു പങ്കുമില്ല.

യൂണിവേഴ്സിറ്റികളിലേയും കോളേജുകളിലെയും അധ്യാപക നിയമന വ്യവസ്ഥകൾ രാജ്യത്താകമാനം ബാധകമാകും വിധം യു.ജി.സി നടപ്പിലാക്കിയത് 2010 സെപ്തബർ 18 മുതലാണ്. ഈ ദിവസം മുതൽ തന്നെ കേരളത്തിലെ എല്ലാ സർവകലാശാലകൾക്കും അഫിലിയേറ്റഡ് കോളേജുകൾക്കും വ്യവസ്ഥകൾ ബാധകമാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ 2010 ഡിസംബർ 10-ന് ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ഇത് വിവിധതലത്തിൽ ചർച്ച ചെയ്ത് കേരള സർവകലാശാല നടപ്പിലാക്കിയത് 2013 നവംബർ 23-നാണ്. ഒപ്പം പല വ്യവസ്ഥകളിലും ഉദാരമായ സമീപനം സർവകലാശാല തീരുമാനിച്ചെങ്കിലും 2015 ജൂലൈ 15-ന് സുപ്രീം കോടതിയിലും, തുടർന്ന് 2016 ഫെബ്രുവരി 23-ന് കേരള ഹൈകോടതിയിലും പുറപ്പെടുവിച്ച രണ്ട് വിധികളിലൂടെ ഇവ അസാധുവായി. തുടർന്ന് ഹൈകോടതി വിധി പുറത്തുവന്ന 2016 ഫെബ്രുവരി 22 വരെ നടന്ന നിയമനങ്ങൾ ഉദാരവ്യവസ്ഥകൾ അനുസരിച്ച് അംഗീകരിക്കുവാനും തുടർന്നുള്ള നിയമനങ്ങളിൽ ഹൈകോടതി വിധിയനുസരിച്ച് തീരുമാനിക്കുവാനും സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

എന്നാൽ ഇതിനിടയിൽ കേരള സർവകലാശാല മലയാളം പഠന ഗവേഷണ വകുപ്പിലെ ഒരു അധ്യാപികയുടെ നിയമനം 2012 നവംബർ അഞ്ചിന് നടത്തിയത് 2010-ലെ യു.ജി.സി വ്യവസ്ഥകൾക്ക് വിരുദ്ധമെന്ന് കണ്ടെത്തി ഹൈകോടതി അസാധുവാക്കി. തുടർന്ന് അധ്യാപിക നൽകിയ റിവിഷൻ ഹർജിയും ഹൈകോടതി തള്ളി. ഇപ്പോൾ ഇത് സംബന്ധിച്ച് സുപ്രീം കോടതി താൽക്കാലിക സ്റ്റേ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഹർജിയിൽ 2016 ഫെബ്രുവരി 22 വരെയുള്ള നിയമനങ്ങൾ 2010-ന് മുമ്പ് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം അംഗീകരിക്കണമെന്ന ഉത്തരവുണ്ടാകുന്നതിനായി കേരള സർക്കാരും കേരള സർവകലാശാലയും കക്ഷികളായി ചേർന്നിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ വിധി ഉണ്ടാകുന്നതുവരെ ഇതിനകം അംഗീകാരം നൽകാത്ത നിയമനങ്ങൾ നിർത്തിവയ്ക്കണമെന്ന നിയമ ഉപദേശമാണ് സർവകലാശാലക്ക് ലഭിച്ചത്. കോടതി വിധികൾ മറികടന്നുള്ള തീരുമാനങ്ങൾ എടുക്കരുതെന്ന് ബഹു. ചാൻസലറുടെ ഉപദേശവും ലഭിച്ചിട്ടുണ്ട്.

ഇതിനിടെ മറ്റൊരു ഹർജിയിൽ സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അധ്യാപക നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ സംവരണം നൽകണമെന്ന ഒരു വിധി ഹൈകോടതിയിൽ നിന്ന് ഉണ്ടായി

ട്ടുണ്ട്. ഈ വിധിയിന്മേലുള്ള അപ്പീലിൽ ഡിവിഷൻ ബെഞ്ച് സ്റ്റേ അനുവദിച്ചിട്ടുണ്ടെങ്കിലും അന്തിമ വിധി വന്നിട്ടില്ല.

ഇപ്പറഞ്ഞ അപ്പീലുകളിൽ അന്തിമവിധി വരുന്നതനുസരിച്ച് നിയമനാംഗീകാരം നൽകുന്നതിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പുതിയ കോളേജുകൾ/ പുതിയ കോഴ്സുകൾ / അഡിഷ്ണൽ ബാച്ച് / സീറ്റ് വർധന എന്നിവയ്ക്കപേക്ഷിക്കാം

കേരള സർവകലാശാലയുടെ കീഴിൽ 2018-19 അദ്ധ്യയന വർഷത്തിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ / അഡിഷ്ണൽ ബാച്ച് / സീറ്റ് വർധന / എന്നിവയ്ക്കുമുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പൂരിപ്പിച്ച അപേക്ഷകൾ സർവകലാശാലയിൽ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 31. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം കൊമേഴ്സ് & ടൂറിസം & ട്രാവൽ മാനേജ്മെന്റ് (338) (2014 അഡ്മിഷൻ - റഗുലർ & 2013 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് സപ്ലിമെന്ററി പരീക്ഷ

കേരള സർവകലാശാല ജൂലൈയിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂലൈ പത്ത് (50 രൂപ പിഴയോടെ ജൂലൈ 12, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂലൈ 14) വരെ ഫീസടച്ച് അപേക്ഷിക്കാം. ട്രാൻസിറ്ററിയായി പ്രസ്തുത പരീക്ഷ എഴുതുന്നവർ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ/എം.എസ്സി/എം.കോം/എം.എസ്.ഡബ്ലിയു/എം.പി.എ/എം.ടി.എ പരീക്ഷ

കേരള സർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എം.എ/എം.എസ്സി/എം.കോം/എം.എസ്.ഡബ്ലിയു/എം.പി.എ/എം.ടി.എ (റഗുലർ, സപ്ലിമെന്ററി & ഇംപ്രൂവ്മെന്റ്) പരീക്ഷയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ മൂന്നിന് ആരംഭിക്കും. പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂലൈ 12 (50 രൂപ പിഴയോടെ ജൂലൈ 14, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂലൈ 17) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ഡെസ് ടൈംടേബിൾ

കേരള സർവകലാശാലയുടെ ജൂലൈ 10-ന് ആരംഭിക്കുന്ന നാലും അഞ്ചും സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ (ബി.ഡെസ്) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എ ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി. പി.എ വോക്കൽ, വീണ, വയലിൻ, മൃദംഗം, ഡാൻസ് പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പിഎച്ച്.ഡി എൻട്രൻസ് ഫലം

കേരള സർവകലാശാല ഏപ്രിൽ രണ്ടിന് നടത്തിയ പിഎച്ച്.ഡി എൻട്രൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി അപ്ലൈഡ് സൈക്കോളജി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എസ്സി അപ്ലൈഡ് സൈക്കോളജി_2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഗൗരി. എസ്. നായർ (PSY150501/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.എ ഇക്കണോമിക്സ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എ ഇക്കണോമിക്സ്_2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിജയശ്രീ. ആർ.എം (ECO150501/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## ബി.ആർക് ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 17, 19 തീയതികളിൽ ആരംഭിക്കുന്ന നാല്, ഒമ്പത് സെമസ്റ്റർ ബി.ആർക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ ഓണേഴ്സ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പിഎച്ച്.ഡി രജിസ്ട്രേഷൻ ഓൺലൈൻ അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ ജൂലൈ 2017 സെഷൻ പിഎച്ച്.ഡി രജിസ്ട്രേഷന് വേണ്ടിയുള്ള ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. ജൂലൈ ഒന്ന് മുതൽ 15 വരെ സർവകലാശാലയുടെ റിസേർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് റിസേർച്ച് പോർട്ടൽ വെബ്സൈറ്റ് (www.research.keralauniversity.ac.in) സന്ദർശിക്കുക.

## ബി.എ/ബി.എസ്സി/ബി.കോം ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 12-ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം സി.ബി.സി.എസ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
30.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**